ഭരണഭാഷ-മാതൃഭാഷ

നമ്പർ :File No.: ED2/10935/15/DTE

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**

**തിരുവനന്തപുരം**

തീയതി : 19-08-2025

## പരിപത്രം

വിഷയം:- വിദ്യാഭ്യാസം - സാങ്കേതികം - ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം - ജീവനക്കാര്യം (ഡി) വിഭാഗം - സിക്ക് റൂം അറ്റൻഡർ തസ്തികമാറ്റ നിയമനത്തിന് - താത്പര്യ പത്രം സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1. 30.11.2023 തീയതിയിലെ ജി. ഒ. (പി) നം. 17/2023/പി&എആർഡി നമ്പർ സർക്കാർ ഉത്തരവ്.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൻറെ കീഴിലുള്ള സ്ഥാപനങ്ങളിൽ സിക്ക് റൂം അറ്റൻഡർ തസ്തികയിൽ ചുവടെ പ്രകാരം നിലവിൽ വന്നിട്ടുള്ള ഒഴിവുകളിലേക്ക് തസ്തികമാറ്റ നിയമനം മുഖേന നിയമനം നേടാൻ ആഗ്രഹിക്കുന്ന ഗാർഡനർ തസ്തികയിലെ ജീവനക്കാർ **25.08.2025 തീയതി വൈകിട്ട് 5.00 മണിക്ക്** മുൻപായി ചുവടെയുള്ള മാതൃകയിൽ **edsectiondte@gmail.com** എന്ന ഇ - മെയിൽ മുഖാന്തിരം **ED2 സെക്ഷനിൽ** സമ്മതപത്രം ലഭ്യമാക്കേണ്ടതാണ്.

**സിക്ക് റൂം അറ്റൻഡർ തസ്തികയിലെ നിലവിലെ ഒഴിവ് വിവരം**

| ക്രമ നം. | സ്ഥാപനം | ഒഴിവ് |
|---|---|---|
| 1. | സർക്കാർ പോളിടെക്നിക് കോളേജ്, കോട്ടയം | 1 |

**പ്രൊഫോർമ**

| ക്രമ നം. | ഗാർഡനർ തസ്തികയിൽ പ്രവേശിച്ച തീയതി | ജീവനക്കാരന്റെ പേര്, പെൻ നമ്പർ | തസ്തികമാറ്റ നിയമനം നേടുന്നതിന് സമ്മതമാണോ |
|---|---|---|---|
| | | | |

**നിബന്ധനകൾ**

1. മേൽപ്പറഞ്ഞ ജീവനക്കാർ ഗാർഡനർ തസ്തികയിൽ നിരീക്ഷണ കാലം പൂർത്തീകരിച്ചവർ ആയിരിക്കണം.

2. സിക്ക് റൂം അറ്റൻഡർ തസ്തിക നിയമനം സംസ്ഥാന തല നിയമനം ആയതിനാൽ വകുപ്പിന് കീഴിൽ, സംസ്ഥാനത്തിനുള്ളിൽ ഏത് സ്ഥാപനത്തിലും ജോലി ചെയ്യുവാൻ സന്നദ്ധത ഉള്ളവർ ആയിരിക്കണം. ഒരു പ്രത്യേക ജില്ലയോ, പ്രത്യേക സ്ഥാപനമോ സ്ഥാനക്കയറ്റ നിയമനത്തിനായി തെരഞ്ഞെടുക്കുവാൻ അനുവദിക്കുന്നതല്ല.

3. സിക്ക് റൂം അറ്റൻഡർ തസ്തിക നിയമനത്തിന് താൽപ്പര്യമുള്ള ജീവനക്കാരുടെ സമ്മത പത്രം പ്രൊഫോർമയോടൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.

4. നിശ്ചിത സമയ പരിധിക്ക് ശേഷം ലഭിക്കുന്നതോ ഭാഗികമായതോ ആയ അപേക്ഷകൾ യാതൊരു കാരണ വശാലും പരിഗണിക്കുന്നതല്ല.

6. സിക്ക് റൂം അറ്റൻഡർ തസ്തികമാറ്റ നിയമനത്തിന് നിലവിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളവരും ഇതുവരെയും നിയമനം ലഭിക്കാത്തവരും നിയമനം പരിത്യജിച്ചിട്ടുള്ളവരും ഈ സർക്കുലർ പ്രകാരം വീണ്ടും അപേക്ഷിക്കേണ്ടതാണ്.

7.സ്ഥാപന മേധാവികൾ മേൽ ജീവനക്കാരുടെ അപേക്ഷയും അനുബന്ധരേഖകളും പരിശോധിച്ച് ശരിയെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

8. സ്ഥാപന മേധാവികൾ ഈ സർക്കുലർ ബന്ധപ്പെട്ട എല്ലാ ജീവനക്കാരുടെയും ശ്രദ്ധയിൽ പെടുത്തേണ്ടതാണ്.

9. മേൽ സൂചന (2) സർക്കാർ ഉത്തരവ് പ്രകാരം തസ്തികമാറ്റ നിയമനം ലഭിച്ചതിന് ശേഷം പ്രസ്തുത തസ്തികമാറ്റ നിയമനം പരിത്യജിക്കുവാൻ സാധിക്കുന്നതല്ല.സ്ഥാപനത്തിൽ അപേക്ഷ സ്വീകരിക്കുന്ന സമയം ജീവനക്കാരനെ ഇക്കാര്യം ബോധ്യപ്പെടുത്തേണ്ടതാണ്.

JAYAPRAKASH P
DIRECTOR (FULL ADDITIONAL CHARGE)

സ്വീകർത്താവ്,

1. സ്ഥാപന മേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും വെബ്സൈറ്റ് മുഖാന്തിരം
2. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

Signed by
Jayaprakash P
Date: 19-08-2025 14:36:32